പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2257. 20.06.2012-ൽ മറുപടിയ്ക്ക്

## ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമ കെയർ യൂണീറ്റ് ആരംഭിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | അരൂർ മുതൽ കായംകുളം വരെയുള്ള ദേശീയ പാതയിലാണ് റോഡപകടങ്ങൾ കൂടുതലായുള്ളതെന്നും ഇത്തരം സന്ദർഭങ്ങളിൽ അപകടത്തിൽപ്പെടുന്നവരെ ചികിത്സിക്കാവുന്ന സംവിധാനം ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ മാത്രമാണുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അരൂരിനും-ആലപ്പുഴയ്ക്കും ഇടയ്ക്കുള്ള പ്രധാന സർക്കാർ ആശുപത്രി എന്ന നിലയിൽ ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത തീരുമാനം നടപ്പിലാക്കുന്നതിലെ കാലതാമസം വിശദീകരിക്കുമോ; | (ബി) | 2011 - 2012 വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ ട്രോമകെയർ യൂണീറ്റിന് വകയിരുത്തിയിരുന്നു. ട്രോമകെയർ യൂണീറ്റ് തുടങ്ങുവാൻ തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടികയിൽ ചേർത്തല താലൂക്ക് ആശുപത്രി ഉൾപ്പെട്ടിരുന്നില്ല. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ജീവനക്കാരെയും അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

B.V. Kumar

സെക്ഷൻ ഓഫീസർ